**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1874** **20-06-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിനിൽ നിന്നുള്ള ബസ്സുകളുടെ നഗരപ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിനിൽ നിന്നുള്ള സ്വകാര്യ ബസുകളുടെ നഗര പ്രവേശനത്തിനായി 27.11.2023ൽ ഗതാഗത വകുപ്പ് പുറപ്പെടുവിച്ച ജി.ഒ.(പി) നം. 27/2023 ഉത്തരവ് പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | നോർത്ത് പറവൂർ-വൈറ്റില ഹബ്ബ് റൂട്ടിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഇരുപത്(20) പെർമിറ്റുകൾ അനുവദിച്ചിട്ടുണ്ട്. പെർമിറ്റിന് വേണ്ടിയുള്ള മറ്റ് പതിമൂന്ന്(13) അപേക്ഷകളിൽ, ബന്ധപ്പെട്ട ആർ.ടി.ഒ., റൂട്ട് അന്വേഷണ റിപ്പോർട്ട് ആർ.ടി.എ.-ൽ സമർപ്പിക്കുന്നതിനായി തയ്യാറാക്കിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത വിജ്ഞാപന പ്രകാരം പെർമിറ്റിനായി എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്; ഏതൊക്കെ റൂട്ടിലേക്കാണ് അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | 27.11.2023-ലെ ജി.ഒ.(പി) നം.27/2023/ഗതാ വിജ്ഞാപന പ്രകാരം ചുവടെ ചേർത്തിരിക്കുന്ന റൂട്ടുകളിൽ പെർമിറ്റിനായി 33 അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്.<br>• **നോർത്ത് പറവൂർ-വൈറ്റില ഹബ്ബ്**<br>• **അണിയിൽ ബീച്ച് എടവനക്കാട്-വൈറ്റില ഹബ്ബ്**<br>• **കുഞ്ഞിതൈ-വൈറ്റില ഹബ്ബ്**<br>• **ഞാറക്കൽ-വൈറ്റില ഹബ്ബ്**<br>• **അയ്യമ്പിള്ളി-കലൂർ**<br>• **കുട്ടുങ്ങശ്ശേരി-കാക്കനാട്** |
| (സി) | ബസുകളുടെ നഗര പ്രവേശനത്തിനായി ആർ.ടി.എ. മീറ്റിംഗ് എന്നാണ് കൂടുന്നതെന്നും തുടർന്ന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും ബസ്സുകളുടെ നഗരപ്രവേശനം എന്നത്തേക്ക് പ്രാവർത്തികമാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (സി) | ആർ.ടി.എ. മീറ്റിംഗ് നടത്തുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടില്ല. പെർമിറ്റ് അനുമതി, ആർ.ടി.എ. നൽകിയാൽ വാഹനത്തിന്റെ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ടൈമിംഗ് കോൺഫറൻസ് നടത്തി പെർമിറ്റ് അനുവദിക്കുന്നതാണ്. ആർ.ടി.എ. മീറ്റിംഗ് കൂടിയതിന് ശേഷം പുതിയ പെർമിറ്റ് അനുവദിക്കുന്നതിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ